**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1897** **29-09-2025 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ആർ. ടി. സി യുടെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ജി എസ് ജയലാൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ആർ. ടി. സി. യെ പൊതുമേഖലയിൽ നിലനിർത്താൻ നൽകി വരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻ വേണ്ടി ഈ സർക്കാർ വായ്പ വിഹിതയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 1434.81 കോടി രൂപയും, 2023-24 സാമ്പത്തിക വർഷത്തിൽ 2065.57 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ 1602.41 കോടി രൂപയും, 2025-26 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 735.19 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും, ഇ-ഗവേണൻസും, വാഹന വ്യൂഹങ്ങളുടെ നവീകരണം, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്, അടിസ്ഥാന സൗകര്യ വികസനവും വർക്ക്ഷോപ്പുകളുടെ നവീകരണവും, ജീവനക്കാർക്കും ഓഫീസർമാർക്കും പരിശീലനം തുടങ്ങി വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2021-22 സാമ്പത്തിക വർഷത്തിൽ 38.44 കോടി രൂപയും, 2022-23 സാമ്പത്തിക വർഷത്തിൽ 59.14 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 67.76 കോടി രൂപയും, 2024-25 സാമ്പത്തിക വർഷത്തിൽ 34.24 കോടി രൂപയും, 2025-26 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 27.03 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി വിഹിതമായി ലഭ്യമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ, നോൺ എ.സി. പൂർണ്ണ നിർമ്മിത ഡീസൽ ബസ്സുകൾ, ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടെ വിവിധ ശ്രേണികളിൽപെട്ട ബസുകൾ നിരത്തിലിറക്കുക വഴി കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.<br><br>ഇതിനുപുറമെ പ്രതിദിന വരുമാനത്തിൽ നിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ സഹകരണ വകുപ്പുമായി ചേർന്ന് പ്രാഥമിക കാർഷിക |

| | | | |
|---|---|---|---|
| | | | സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ മുടക്കം കൂടാതെ നൽകി വരുന്നു. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ നിന്ന് ലഭ്യമാക്കിയ തുക പലിശ ഉൾപ്പെടെ മടക്കി നൽകുകയും ചെയ്യുന്നുണ്ട്.<br><br>2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായ 63 കോടി രൂപ വിനിയോഗിച്ച് 143 ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് വിപുലീകരിക്കുന്നതിനോടൊപ്പം, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. |
| (ബി) | കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക പ്രതിസന്ധി കുറച്ചു കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.യുടെ പ്രതിദിന നഷ്ടം കുറയ്ക്കുന്നതിനായും കിലോമീറ്റർ വരുമാനം വർദ്ധിപ്പിക്കുന്നതിനായും കോർപ്പറേഷനിലെ നഷ്ടത്തിലുള്ള റൂട്ടുകളും ട്രിപ്പുകളും പുനഃക്രമീകരിച്ച് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം ഡെഡ് ട്രിപ്പുകൾ പൂർണമായും ഒഴിവാക്കുകയോ, ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ, സ്റ്റേ സർവിസുകൾ ആക്കി മാറ്റുകയോ, യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്തു ചെലവ് ചുരുക്കി വരുമാനം വർദ്ധിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ദീർഘദൂര ബസ്സുകളിലെ ട്രിപ്പിലെ യാത്രക്കാരില്ലാത്ത ഭാഗം ഒഴിവാക്കുവാനായി അവയെ യാത്രക്കാർ ലഭ്യമാകുന്ന ഏറ്റവും അടുത്ത പ്രധാന യൂണിറ്റ് വരെയോ, സ്ഥലം വരെയോ ആയി ക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുവാനും ഒറ്റപ്പെട്ട ഭാഗങ്ങളിലെ യാത്രാവശ്യത്തിനായി ടി സ്ഥലങ്ങളിൽ മാത്രം ബദൽ ട്രിപ്പുകൾ ക്രമീകരിച്ച് നൽകിയിട്ടുണ്ട്. റൗണ്ട് ട്രിപ്പിന് 35 രൂപയെങ്കിലും കിട്ടാത്ത 49,800 സർവീസ് കിലോമീറ്റർ പരിശോധിച്ച് കൂടുതൽ ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ മെച്ചപ്പെടുത്തുകയോ ചെയ്തും 35,682 കിലോമീറ്റർ യാത്രാവശ്യം ഇല്ലാത്തതും പ്രയോജനപ്രദവുമല്ലെന്നും ഡീസൽ തുക പോലും ലഭിക്കുന്നില്ലെന്നും കണ്ടതിനാൽ നിർത്തലാക്കുകയോ പുതിയ റൂട്ടിൽ പുനഃക്രമീകരിക്കുകയോ ചെയ്ത് നഷ്ടം ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ യാത്രാവശ്യമുള്ള സ്റ്റുഡൻസ് കൺസഷൻ നൽകുന്ന ട്രിപ്പുകൾ, ഒറ്റപ്പെട്ട മറ്റു യാത്രാ സൗകര്യം ഇല്ലാത്ത റൂട്ടുകൾ, ആദിവാസി മേഖലകൾ, തീരദേശ മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയിലുള്ള ട്രിപ്പുകളുടെ 23,219 കിലോമീറ്റർ നിലനിർത്തിയിട്ടുമുണ്ട്.<br><br>പരിമിതമായ യാത്രക്കാരോടെ നഷ്ടത്തിൽ ഓടിയിരുന്ന ഇലക്ട്രിക് ബസ്സുകൾ പുനഃക്രമീകരിച്ച് |

പൊതുജനത്തിനു കൂടുതൽ ഉപകാരപ്രദമായി മാറ്റുകയും പൊതുവെ യാത്രക്കാർ കുറവുള്ള സിറ്റിയിലേക്ക് വരുന്ന വലിയ ഡീസൽ ബസ്സുകൾ മാറ്റി ഇലക്ട്രിക്ക് ബസ്സുകൾ നൽകിയും ചെലവ് കുറച്ച് വരുമാനം കൂട്ടുന്നതിനും ജനോപകാരപ്രദമായ സർവീസ് ആക്കി മാറ്റുന്നതിനും സാധിച്ചിട്ടുണ്ട്. പൂർണമായും പരിസ്ഥിതി മലിനീകരണം ഒഴിവാക്കിയും ചെലവ് കുറഞ്ഞ പൊതുഗതാഗത സംവിധാനം ഒരുക്കുന്നതിനും ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. പ്രധാന റൂട്ടുകളിലെ ട്രിപ്പുകൾ പുനഃക്രമീകരിച്ചതിലൂടെയും പുതിയ ക്ലാസ് സർവീസുകൾ ആരംഭിച്ചതിലൂടെയും പ്രതിദിന യാത്രക്കാരുടെ എണ്ണത്തിലും വരുമാനത്തിലും വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

കോവിഡിന് മുമ്പ് 2019 വർഷത്തിൽ 38.56 രൂപ ഇ.പി.കെ.എം. എന്ന നിലയിൽ നിന്നും 2025 ആഗസ്റ്റ് മാസം വരെ ശരാശരി 49.58 രൂപയായി ഇ.പി.കെ.എം. വർദ്ധിച്ചിട്ടുണ്ട്. ഇതിൽ 2022 മെയ് 1 മുതൽ നിരക്ക് വർദ്ധിപ്പിച്ചതിനാൽ ഇ.പി.കെ.എം.-ൽ സ്വാഭാവിക വർദ്ധനവ് ഉണ്ടായിട്ടുണ്ട്. തുടർന്ന് 2024 മുതൽ നടപ്പിലാക്കിയ മേൽ പദ്ധതികളുടെ ഭാഗമായി ഒരേ ടിക്കറ്റ് നിരക്കിൽ 2022 വർഷം 46.84 രൂപയിൽ നിന്ന് 2025 വർഷം 49.58 രൂപയായി ഇ.പി.കെ.എം. വർദ്ധിച്ചിട്ടുണ്ട്.

പരമാവധി ചെലവ് കുറച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള എല്ലാവിധ ക്രമീകരണങ്ങളും കൃത്യമായി പുനരവലോകനവും ചെയ്തു വരുന്നു. ബസ് സർവ്വീസ് നടത്തുന്നതിനുള്ള നേരിട്ടുള്ള പ്രവർത്തന ചെലവുകൾ ടിക്കറ്റ് വരുമാനത്തിൽ നിന്നും തന്നെ കണ്ടെത്തി ഓരോ യൂണിറ്റിനേയും ലാഭകേന്ദ്രം ആക്കി മാറ്റുന്ന പ്രവർത്തനത്തിന്റെ ഭാഗമായി 2024 ജൂലൈ മാസം 52 യൂണിറ്റുകൾ മാത്രം ഓപ്പറേഷണൽ ടാർജറ്റ് നേടിയ സ്ഥാനത്ത് യൂണിറ്റ് തല ഏകോപനത്തിലൂടെയും യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയതിലൂടെയും 2025 ആഗസ്റ്റ് മാസത്തിൽ മുഴുവൻ യൂണിറ്റുകളും (93 യൂണിറ്റുകൾ) ഓപ്പറേഷണൽ ടാർജറ്റ് നേടുകയും ചെയ്തിട്ടുണ്ട്.

<u>കൊറിയർ ആൻഡ് ലോജിസ്റ്റിക്സ്</u>

കേരളത്തിനകത്ത് ഒരിടത്തുനിന്നും മറ്റൊരുടത്തേക്ക് 16 മണിക്കൂർ കൊണ്ട് സാധനങ്ങൾ എത്തിക്കുവാൻ സാധിക്കും. നിലവിൽ 47 ഡിപ്പോകളിൽ ടി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മെച്ചപ്പെടുത്തിയ ട്രാക്കിംഗിനായി ഉപഭോക്തൃ ഐ.ഡി. പ്രൂഫ് ഇമേജുകൾ, ഒപ്പുകൾ, ലൊക്കേഷൻ മാപ്പിംഗ് എന്നിവയ്ക്കൊപ്പം തത്സമയ ഡെലിവറി

അപ്‌ഡേറ്റുകൾ ഫീച്ചറുകളിൽ ഉൾപ്പെടുന്നു. കൂടാതെ "Door to Door Pick Up & Delivery" (വാതിൽ പടി സേവനങ്ങൾ) നടപ്പിലാക്കി വരുന്നു.

<u>ഡ്രൈവിംഗ് സ്കൂൾ</u>

കെ.എസ്.ആർ.ടി.സി.യിലെ ടിക്കറ്റേതര വരുമാനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ചതാണ് കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ. പൊതുജനങ്ങൾക്ക് കാര്യക്ഷമവും മെച്ചപ്പെട്ടതുമായ ഡ്രൈവിംഗ് പരിശീലനം കുറഞ്ഞ ചെലവിൽ നൽകുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിച്ചിട്ടുള്ളത്. 18 ഡ്രൈവിംഗ് സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 4 ഡ്രൈവിംഗ് സ്കൂളുകൾ കൂടി തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

<u>കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ മാനേജ്മെന്റ് സിസ്റ്റം</u>

പൊതുജനങ്ങൾക്ക് ഡ്രൈവിംഗ് ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനും ഡ്രൈവിംഗ് പരിശീലനം നേടുന്നതിനും കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂൾ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. ടി സംവിധാനം നടപ്പിലാക്കിയത് വഴി ഓൺലൈൻ രജിസ്ട്രേഷൻ, ഫീസ് അടയ്ക്കൽ, പഠനസാമഗ്രികളുടെ ഡൗൺലോഡ്, മോക്ക് ടെസ്റ്റ് സൗകര്യം, ബാക്ക്-എൻഡ് മാനേജ്മെന്റ് സംവിധാനങ്ങൾ എന്നിവ ചെയ്യുവാൻ സാധിക്കും കൂടാതെ വെബ് ആപ്ലിക്കേഷനും നടപ്പിലാക്കിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിച്ച് ചെലവ് കുറയ്ക്കുന്നതിനായി ബസുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തീകരിച്ച് ഡോക്ക് നിയന്ത്രിക്കുന്നതിനുള്ള നടപടിക്രമം സ്വീകരിക്കുന്നതിന്റെ ഭാഗമായി ശരാശരി ഓഫ്റോഡ് ആഗസ്റ്റ് 2025-ൽ 467 ആയി നില നിർത്തുന്നതിനായി സാധിച്ചു.

സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകളുടെ പ്രൊഡക്ഷൻ വർദ്ധിപ്പിച്ച് ഓഫ്റോഡ് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. ആയതിന്റെ ഭാഗമായി വർക്ക്ഷോപ്പുകൾ നവീകരിക്കുന്നതിനായി സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പുകളെ പ്രൊഡക്ഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ആദ്യഘട്ടത്തിൽ സെൻട്രൽ വർക്ക്ഷോപ്പിലെ എഞ്ചിൻ പ്രൊഡക്ഷൻ സെന്ററിൽ ശീതീകരണ

സംവിധാനവും, ആധുനിക ടൂൾസ് & എക്യുപ്മെന്റ്സ് ലഭ്യമാക്കി കൂടുതൽ ജീവനക്കാരെ നിയോഗിച്ച് പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മുതൽ മുടക്കില്ലാതെ പൊതുമേഖലാ എണ്ണ കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന രീതിയിൽ ഇന്ധന വിതരണ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇതുവരെ 15 ഇന്ധന വിതരണ ഔട്ട്ലെറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിദിനം ശരാശരി 250 KL ഡീസലാണ് യാത്രാ ഫ്യൂവൽസിൽ നിന്നും കെ.എസ്.ആർ.ടി.സി. ബസുകൾക്ക് നൽകിവരുന്നത്. 2022 ഫെബ്രുവരി മാസം മുതൽ ബൾക്ക് കൺസ്യൂമേഴ്സിന് നൽകുന്ന ഡീസലിന് വിപണി വിലയേക്കാൾ കൂടിയ നിരക്കാണ് ഈടാക്കി വരുന്നത്. യാത്രാ ഫ്യുവൽസ് വഴി കെ.എസ്.ആർ.ടി.സി.യ്ക്ക് ഇന്ധന വിതരണം നടത്തിയതിലൂടെ കൊച്ചി ടെർമിനലിലെ ബൾക്ക് പർച്ചേഴ്സർ റേറ്റ് പ്രകാരം കെ.എസ്.ആർ.ടി.യ്ക്ക് ഉണ്ടാകുമായിരുന്ന ഏകദേശം 278 കോടിയോളം രൂപയുടെ അധിക സാമ്പത്തിക ബാധ്യത ഇതുവരെ ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. യാത്രാ ഫ്യൂവൽസ് വഴി പൊതുജനങ്ങൾക്കുള്ള പ്രതിദിന വില്പന ശരാശരി 72 KL കടന്നിട്ടുണ്ട്. ഇപ്രകാരം പൊതുജനങ്ങൾക്ക് യാത്രാ ഫ്യൂവൽ ഔട്ട്ലെറ്റുകൾ മുഖേന ഇന്ധനവിതരണം നടത്തിയതിലൂടെ 2024-25 സാമ്പത്തിക വർഷത്തിൽ ഒരു കോടി പതിനാറ് ലക്ഷം രൂപയുടെ സാമ്പത്തിക ലാഭം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ KMPL വർദ്ധിപ്പിച്ച് ഡീസൽ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ആറ്റിങ്ങൽ ഡിപ്പോയിലെ ബസ്സുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി ആറ്റിങ്ങൽ ഡിപ്പോയുടെ KMPL മെച്ചപ്പെട്ടതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ "ആറ്റിങ്ങൽ മോഡൽ KMPL ഇമ്പ്രൂവ്മെന്റ് പദ്ധതി" ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിന്റെ ആദ്യ പടിയായി കണിയാപുരം, നെടുമങ്ങാട്, കട്ടപ്പന, പാപ്പനംകോട്, പൂവാർ, തൊടുപുഴ, പെരുമ്പാവൂർ, തലശ്ശേരി, കരുനാഗപ്പള്ളി, ഗുരുവായൂർ തുടങ്ങിയ പത്ത് ഡിപ്പോകളിൽ കൂടി 2025 ആഗസ്റ്റ് 1 മുതൽ

നടപ്പിലാക്കി വരുന്നു. തുടർന്ന് മറ്റു ഡിപ്പോകളിൽ കൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ഇതിലൂടെ കെ.എസ്.ആർ.ടി.സി.യുടെ ചെലവ് കുറച്ച് സാമ്പത്തിക പ്രതിസന്ധി കുറച്ചു കൊണ്ടുവരുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ആഭിമുഖ്യത്തിൽ ടൂറിസം പദ്ധതികൾ കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു;

- ഊട്ടി, മൈസൂർ, ധനുഷ്ക്കോടി, കോടൈക്കനാൽ, തിരുപ്പതി തുടങ്ങിയ അന്തർ സംസ്ഥാന ടൂറിസം കേന്ദ്രങ്ങളിലേക്ക് സർവീസുകൾ ആരംഭിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അന്തർ സംസ്ഥാന കരാറുകൾ നിലവിൽ വരുന്ന മുറയ്ക്ക് സർവീസ് ആരംഭിക്കുന്നതാണ്.
- IRCTCയുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ നടന്നു വരുന്നു.
- "കെ.എസ് ആർ.ടി.സി ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കുന്ന സ്വകാര്യ സംരംഭകരുടെ ലോഡ്ജ് / ഹോം സ്റ്റേ / ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിയ്ക്കും അന്തിമ രൂപം നൽകി വരുന്നു.
- "കെ.എസ്.ആർ.ടി.സി. റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ / റെസ്റ്റോറന്റ് ശൃംഖലകൾ വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

തിരുവനന്തപുരം, എറണാകുളം, മൂന്നാർ എന്നീ സ്ഥലങ്ങളിൽ ഡബിൾ ഡെക്കർ ബസുകളുടെ സിറ്റി റൈഡ് സർവീസുകൾ ആരംഭിച്ചു. ഡബിൾ ഡെക്കർ യാത്രകൾക്കായി ഓൺലൈൻ ബുക്കിംഗ് സംവിധാനം ആരംഭിച്ചു. സമാന രീതിയിൽ ബി.ടി.സി.യ്ക്കായി ഒരു ടൂറിസം വെബ്പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

11.12.2021 തീയതിയിലെ സർക്കാർ ഉത്തരവ് G.O.(Ms) No.58/2021/TRANS പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവീസുകൾ കാര്യക്ഷമമായി നടത്തുന്നതിന്,

| | | | |
|---|---|---|---|
| | | | കെ.എസ്.ആർ.ടി.സി.ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം, സാങ്കേതിക, മാനേജീരിയൽ, പ്രവർത്തന പിന്തുണ എന്നിവ നൽകുന്നതിനും, KIIFB ധനസഹായം നൽകുന്ന പുതിയ ബസുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനും, സംസ്ഥാന പ്ലാൻസ്കീമുകൾക്ക് കീഴിലുള്ള ബസുകൾ, സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ മറ്റ് സ്കീമുകൾക്ക് കീഴിൽ ലഭിച്ച ബസുകൾ, സ്പോൺസർഷിപ്പിന് കീഴിൽ ലഭിച്ച ബസുകൾ തുടങ്ങിയ കാലാകാലങ്ങളിൽ സർക്കാർ ഏൽപ്പിക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്ക് വേണ്ടി KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചു.<br><br>ടി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ KSRTC-SWIFT-ന്റെ 165 ഇലക്ട്രിക് ബസ്സുകളും, 305 സൂപ്പർ ക്ലാസ് ഡീസൽ ബസ്സുകൾ ഉൾപ്പടെ 470 ബസ്സുകൾ കെ.എസ്.ആർ.ടി.സി. സർവീസ് നടത്തിവരുന്നു. |
| (സി) | കെ. എസ്. ആർ. ടി. സി. യിലെ ജീവനക്കാർക്ക് എല്ലാ മാസവും ഒന്നാംതീയതി തന്നെ ശമ്പളവും മുടക്കം കൂടാതെ പെൻഷനും നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാർ, വായ്പാ സഹായം നൽകി വരുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം സർക്കാർ സഹായത്തോടെ 2023 ഫെബ്രുവരി മാസം മുതൽ രണ്ട് ഗഡുക്കളായാണ് വിതരണം ചെയ്തിരുന്നത്. ടി വിഷയത്തിൽ മാറ്റം വരുത്തുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചർച്ചകൾ നടത്തുകയും, പ്രസ്തുത വിഷയത്തിൽ 2024 ആഗസ്റ്റ് മാസം മുതൽ ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി നൽകാൻ കഴിയുകയും ചെയ്യുന്നുണ്ട്. തുടർന്ന് ആയത് എല്ലാ മാസവും കൃത്യമായി ഒന്നാം തീയതി തന്നെ നൽകുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും ഓവർഡ്രാഫ്റ്റ് ലഭ്യമാക്കി 2025 ആഗസ്റ്റ് മാസം വരെയുള്ള ശമ്പളം അതാത് മാസത്തെ അവസാനത്തെ പ്രവർത്തിദിനം തന്നെ നൽകുവാൻ സാധിച്ചു.<br><br>സാമ്പത്തിക പ്രതിസന്ധിമൂലം തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ തുക കണ്ടെത്തുവാൻ കോർപ്പറേഷന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. തന്മൂലം പെൻഷൻ മുടങ്ങുന്ന സാഹചര്യമുണ്ടാവുകയും ആയത് ഒഴിവാക്കുന്നതിനായി ബഹു. മുഖ്യമന്ത്രി മുൻകൈയ്യെടുത്ത് 2018 ഫെബ്രുവരി മാസം മുതൽ പ്രാഥമിക കാർഷിക സഹകരണ സംഘം മുഖേന പെൻഷൻ വിതരണം ചെയ്യുന്നതിന് കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത സഹകരണ സംഘങ്ങൾ വഴി പെൻഷൻ മുടക്കമില്ലാതെ വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്തുവരികയാണ്. 2024 നവംബർ മാസം വരെ കാലവധിയുണ്ടായിരുന്ന ത്രികക്ഷി കരാർ നിലവിൽ 2024 ഡിസംബർ മാസം മുതൽ ഒരു വർഷക്കാലത്തേക്ക് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാരും, കെ.എസ്.ആർ.ടി.സി.യും കേരള ബാങ്കുമായി ചേർന്ന് ഒപ്പുവെച്ചിട്ടുണ്ട്. ആയതിൻപ്രകാരം 2025 സെപ്റ്റംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | വാഹനങ്ങളുടെ ശരിയായ വിനിയോഗത്തിലൂടെയും റൂട്ടുകളുടെ ശരിയായ ഉപയോഗത്തിലൂടെയും വരുമാനം വർദ്ധിപ്പിക്കുന്നതിന് മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | വാഹനങ്ങളുടെ ശരിയായ വിനിയോഗത്തിലൂടെയും റൂട്ടുകളുടെ ശരിയായ ഉപയോഗത്തിലൂടെയും വരുമാനം വർദ്ധിപ്പിക്കുന്നതിനായി AI അധിഷ്ഠിതമായ പുതിയ ഷെഡ്യൂളിംഗ് സോഫ്റ്റ്‌വെയർ സംവിധാനം വരുന്നതുവഴി ബസ്സും ഷെഡ്യൂളും ഒപ്റ്റിമൈസ് ചെയ്ത് ബസ് ഉപയോഗവും റൂട്ട് ഉപയോഗവും കുറയക്കുന്നതിന് കഴിയും. കൂടാതെ Management Information System, Real Time Monitoring എന്നിവ മുഖാന്തരം ബസ് റൂട്ട് ഉപയോഗം പരിശോധിക്കുവാനും നിയന്ത്രിക്കുവാനും കഴിയും. ഇതിനുള്ള പദ്ധതികൾ തയ്യാറായി വരുന്നു.<br><br>വാഹനങ്ങളുടെ ശരിയായ വിനിയോഗത്തിലൂടെയും റൂട്ടുകളുടെ ശരിയായ ഉപയോഗത്തിലൂടെയും വരുമാനം വർദ്ധിപ്പിക്കുന്നതിന് മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.<br><br><u>AI-പവേർഡ് ഷെഡ്യൂൾ മാനേജ്മെന്റ് സിസ്റ്റം</u><br><br>കെ.എസ്.ആർ.ടി.സി. 93 ഡിപ്പോകളിലും ക്രൂ റോസ്റ്ററിംഗും സർവീസ് പ്ലാനിംഗും പരിവർത്തനം ചെയ്യുന്ന ഒരു AI അധിഷ്ഠിത ഷെഡ്യൂൾ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ടി സംവിധാനം നടപ്പിലാക്കുന്നത് വഴി ഷെഡ്യൂളുകൾ ബുദ്ധിപരമായി ഒപ്റ്റിമൈസ് ചെയ്യുവാനും, മികച്ച വിഭവ വിഹിതം ഉറപ്പാക്കുവാനും, നിഷ്ക്രിയ സമയം കുറയ്ക്കുവാനും, മെച്ചപ്പെട്ട കാര്യക്ഷമത ഉറപ്പാക്കുവാനും സാധിക്കും. കൂടാതെ പേറോൾ, HRMS, ഇന്ധന ERP എന്നിവയുമായി സംയോജിപ്പിക്കുവാനും സാധിക്കും. ടി സംവിധാനം ഡിപ്പോ തിരിച്ചുള്ള ലാഭക്ഷമത വിശകലനം ചെയ്യുവാനും, തത്സമയ ഡാഷ്ബോർഡുകൾ വഴി തുടർച്ചയായ നിരീക്ഷണം പ്രാപ്തമാക്കുകയും ഡാറ്റാധിഷ്ഠിത തീരുമാനങ്ങൾ എടുക്കാൻ മാനേജ്മെന്റിനെ ശാക്തീകരിക്കുകയും യാത്രക്കാർക്ക് സേവന വിശ്വാസ്യത വർദ്ധിപ്പിക്കുകയും ചെയ്യും. |

| | | | |
|---|---|---|---|
| | | | വാഹനങ്ങളുടെ എല്ലാവിധ അറ്റകുറ്റപ്പണികളും സമയബന്ധിതമായി നിർമ്മാതാക്കൾ നിഷ്കർഷിക്കുന്ന വിധം മെയിന്റനൻസുകൾ നിർവ്വഹിച്ച് ബസുകളുടെ ബ്രേക്ക്ഡൗൺ കുറച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കി വരുന്നു.<br><br>പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തി ജനങ്ങൾക്ക് മികവുറ്റ യാത്രാസൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുവേണ്ടിയും സർവീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിനായും യോഗ്യതയും പരിചയവുമുള്ള ഉദ്യോഗസ്ഥരുടെ സേവനം അനിവാര്യമായതിനാൽ നടപടിക്രമങ്ങൾ പാലിച്ച് ആവശ്യമായ സ്ഥാനക്കയറ്റങ്ങൾ നൽകി ഓപ്പറേഷൻ വിഭാഗം ശാക്തികരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ